# കേസരങ്ങൾ

''അനീയത്തീ, നിന്റെ ഭർത്താവിനെ എനിക്കു വേണ്ട'' അവൾ പ്റഞ്ഞു. ''അതുഞാൻ പറഞ്ഞാൽ നിനക്കു മനസ്സിലാക്കാൻകഴിയാത്തിടത്തോളംഅകലംനമ്മൾതമ്മിലില്ല.''

അനിയത്തിയുടെ പുച്ഛത്തിന്റെ തീപാറുന്ന കണ്ണുകൾക്കു മുൻപിൽ പൊള്ളലേൽക്കാതെ നിൽക്കുകയായിരുന്നു. ഉള്ളിൽ തിളച്ചുമറിയുന്ന എന്തിന്റെയൊക്കെയോ മുകളിൽ എന്നിട്ടും ചിരി നേരിയ പതപോലെ,സ്വന്തം ചിരിയുടെ മുഖം ആർക്കു നേരെയാണെന്ന് ആലോചിച്ചില്ല. ആലോചിച്ചാലും പിടി കിട്ടുമെന്നുറപ്പില്ലതാനും. കിനിയുന്ന മാറിടത്തിന്റെ വികാരം അനിയത്തി അറിയില്ല. സ്വന്തം മനസ്സിന്റെ വികൃതികൾതനിക്കുതന്നെഅപരിചിതമാണെന്നിരിക്കെഅന്യർഅതറിയണമെന്നുശഠിക്കുന്നത്വൃത്തികെട്ട ദുശ്ശാഠ്യമാണ്.അതുകൊണ്ട്അനിയത്തിയുടെപാറിയമുടിയിഴകളിൽ നോക്കി.

ചുമലിലേക്കയർത്തിയ കൈയിൽ തട്ടുകൊണ്ടത് ഓർക്കാപ്പുറത്താണ്, കരിപുരണ്ട സാരിത്തലപ്പ് അരയിലൂടെ ചുറ്റിക്കുത്തി അനിയത്തി തിരിഞ്ഞുനടന്നു. ഒക്കത്തെ കുട്ടിയുടെ മുഖത്ത് അമ്പരപ്പ് മാത്രം. സ്വരഭേദങ്ങളുടെഅപരിചിതത്വംകാരണമാവണംകുട്ടിപെട്ടെന്നുകരഞ്ഞു.

അടുക്കളയിലെ തട്ടി മറിയുന്ന പാത്രങ്ങളുടെ ശബ്ദങ്ങളും അനിയത്തി കടന്നു പോയ ഇടവഴിയിലെ നിശ്ശബ്ദതയും മനസ്സിൽ കനത്തിൽ ചളി കെട്ടി. അടി വീണപ്പോൾ കുട്ടി പിടഞ്ഞു നിലവിളിച്ച ശബ്ദം ആരോ മനസ്സിലേക്കെറിഞ്ഞ ഏറുപമ്പരം പോലെ. അതിന്റെ വേദനിപ്പിക്കുന്ന കറങ്ങലിൽ ഏറെ നേരം നിന്നു കണ്ണ്. തനിക്കു നേരെ ഓങ്ങുന്ന ചാട്ടവാറുകൾ വീണ്ടും കുഞ്ഞിന്റെ മേൽ, അനിയത്തീഈ ഭാഷ എനിക്കു മനസ്സിലാവും.

മുട്ടുകുത്തി നിന്നു കരയുന്ന കുട്ടിയെ പെട്ടെന്ന് എടുത്ത് പുറത്തു വന്നപ്പോൾ മാതൃത്വത്തിന്റെ അധികാരംപിന്നിലൊപ്പം. ''അവനെഅവിടെവെയ്ക്കാൻ,എന്റെമകനെപൊന്നാരിയ്ക്കാൻഞാൻ മതി.''

തിരിഞ്ഞുനിന്നു. ''ആരെ പൊന്നാരിക്കാനാണ്അനീയത്തി പോരാത്തത്.''

''കുട്ട്യേതര്ണ്ടോ ? അധികംശീലാവതിചമയണ്ട, ചായംഇപ്പോഴേണ്ട് വേണ്ടുവോളം മുഖത്ത്.''

അകലെഅഗ്നിപർവ്വതത്തിന്റെ പൊട്ടലുംചീറ്റലും,ഒഴുകിയലാവപതുക്കെപതുക്കെഉറയുന്നതുവരെ വെറുതെനിന്നു.

ചോര വറ്റി വിളറാൻ തുടങ്ങുന്ന പ്രഭാതത്തെ നോക്കീനിൽക്കെ, എന്തെല്ലാം മാറി. അവർ ഓർക്കുകയായി, താൻ,അനിയത്തിഅമ്മ...എല്ലാവരുംചുവന്നപാവാടയിലെ വെള്ളപ്പുള്ളികൾ ഒരുമിച്ചിരുന്ന് എണ്ണിത്തീർത്ത കാലം. ഒരു തിരിച്ചു നടത്തത്തിന്നു് പ്രസക്തി ഇല്ലാത്തത്രഅകലെയാണ്. നിഴലുകളുടെ ഇടയ്ക്ക് തെന്നി വീഴുന്ന വെളിച്ചത്തിൽ ജയവും പരാജയവും എന്താണെന്ന് അറിയാൻ കാത്തു നിന്നിരുന്നു. അവയ്ക്ക് നടുവിൽഎന്നെങ്കിലും ഒരുവിഭജന രേഖ ഉണ്ടായിരുന്നോഎന്നുഇന്ന്സംശയം.

കോലായയിലെ തൂണിൽ തലചായ്ച്ച് വിതുമ്പുന്ന അനിയത്തി കണ്ണീൽപെട്ടിട്ടും അനങ്ങാതെ നിന്നു. ഇടക്ക്സഞ്ചരിയ്ക്കാൻനാഴികകളുണ്ട്.

അനങ്ങാതെ തറച്ചുനിൽക്കുന്ന തന്റെ അടുത്തേക്ക് അനിയത്തിയാണ് വന്നത്. കത്തിത്തലയുടെ മുനപോലെയുള്ള നോട്ടം. പെട്ടെന്ന്അനിയത്തിവിതുമ്പി. ''ഞാനും ഒന്ന് ജീവിച്ചോട്ടെ.''

സന്തോഷ്പറഞ്ഞതുംഇതുതന്നെയായിരുന്നു.പക്ഷേ,അന്നുസന്തോഷിനോടുപറഞ്ഞ ഉത്തരംസ്വന്തം അനിയത്തിയോട്ഇന്ന്വേണ്ട.

ഇതൊക്കെ അനിവാര്യതകളാണോ ? തന്റെ മുഖത്ത് വിരിയുന്ന ചിരിക്കൊപ്പം വിടരുന്ന അമ്മയുടെ മുഖം, അനിയത്തിയുടെ കണ്ണീർ, അയൽപക്കത്തെ നാരായണന്റെ ഒളിഞ്ഞുള്ള ശൃംഗാരം, അച്ഛന്റെ, അവസാനിക്കാത്ത മഴയുടെ ഇരമ്പംപോലത്തെ ഗൗരവം. തീരാത്തസ്വപ്നങ്ങൾ കണ്ടുണർന്നു കരയുന്ന താൻ. അവൾപറഞ്ഞു: ''തടസ്സമാണോ
ഞാൻ. ?''

''ആണെങ്കിൽ ?''

''അനിയത്തിതന്നെപൂരിപ്പിച്ചോളൂ.''

അനിയത്തിയുടെ വിടർന്ന നിതംബത്തിൽ നടത്തത്തിനൊപ്പം തല തല്ലുന്ന മുടിക്കെട്ടിൽ കണ്ണുകൾ ഉടക്കിയപ്പോൾ, അവൾ കൊല്ലങ്ങൾക്കു പിന്നിൽ നിന്നു കൊണ്ട് കഴുത്തറ്റം മുറിച്ച മുടിയിൽ കാശിത്തുമ്പപ്പൂ ചൂടിച്ച്,നെറ്റിയിൽപരന്നമുക്കുറ്റിച്ചാർതുടച്ച്അനിയത്തിയുടെപൊട്ടിന്റെവൃത്തംശരിയാക്കിപറഞ്ഞു:

''ഇതു നേട്ടമല്ലനിയത്തീ,നഷ്ടമാണ്.''

''നിനക്ക്ന്നൊന്നും വേണ്ടെ?''

---രണ്ടറ്റവും പെട്ടെന്ന് മുറിച്ചുകളഞ്ഞപാതപോലെഅമ്മയുടെഭസ്മക്കുറി.

''ആവരുന്നൂ.''

''ഇത് ഇങ്ങനെ ഇടണൊ?'' അഴിഞ്ഞു പിന്നിൽക്കിടന്ന മുടി അമ്മ തലോടി ഒതുക്കിക്കെട്ടി. എന്നിട്ട്

ചോദിച്ചു: ''എന്താസ്വപ്നം?''

വെയിൽ ഉമ്മവെച്ച മഞ്ഞുപോലെ മനസ്സ്.അവൾചിരിച്ചു.

ടൂത്ത് പേസ്റ്റിനേക്കാൾ വെളുത്ത ചിരിയുമായി വാസ്വേട്ടൻ കല്പടയിൽ നിന്നിരുന്നു. ടങ്ങ് ക്ലീനറിലെ തുരുമ്പുപിടിച്ച തിളക്കമുള്ള നോട്ടംഅലസമായചിരിയോടെ തള്ളിക്കളഞ്ഞു. മറക്കാനാവാത്ത ഒരു ദുസ്വപ്നം പോലെ,പക്ഷെ,അതവിടെത്തന്നെനിന്നു.

താൻ ആദരവോടെ എടുത്തപ്പോൾ പൊടിഞ്ഞു പോയ വിഗ്രഹം. അവൾ ആ കളിമണ്ണിൽ അമർത്തിച്ചവുട്ടി.

തന്റെ മുഖത്തെ ഭാവങ്ങൾ ഒരു കണ്ണാടിയെപ്പോലെ ഉൾക്കൊള്ളുകയായിരുന്നു. വാസ്വേട്ടൻ എന്നു തോന്നുന്നു.അടുത്തെത്തിയപ്പോൾ മുടിത്തുമ്പ്വലിച്ചു.അമ്മയെഅനുകരിച്ച്.

''ഇതിങ്ങനെഇടണോ?''

''നേരെവെച്ചിട്ട്കാണാനാരാ ?'' ചിതറിയ മുടി ഊക്കിൽതന്നെയാണ്വലിച്ചത്.

''ഞങ്ങളൊക്കെകണ്ടാൽപോരേ?''

''വാസ്വേട്ടനൊ !'' മനപ്പൂർവം ഉറക്കെചിരിച്ചു. അതേതായാലും പോരാ''.

നാടകത്തിന്റെ തിരശ്ശീല ഉയരുന്നതറിയാതെഅമ്മ ചിരിച്ചു.

അവൾക്ക് ഭ്രാന്താ.വാസുകാപ്പികുടിച്ച്വോ ?''

കുറിക്കുകൊണ്ടഅമ്പിൽനിന്നുംഅനിയത്തിചായയുമായിഎത്തിയിട്ടുംവാസ്വേട്ടൻ രക്ഷപ്പെട്ടിരുന്നില്ല. അനിയത്തിയുടെ മുഖത്തെ ചുളിഞ്ഞ പുരികം വാസ്വേട്ടൻ ശ്രദ്ധിച്ചില്ല. ചായ വാങ്ങി ഭാര്യയുടെ കവിളത്ത് തോണ്ടി. തീക്കൊള്ളി സ്വന്തം ശരീരത്തിലാണ് കൊണ്ടതെന്നാണ് തോന്നിയതു്. വിടർന്ന നുണക്കുഴിക്കു മീതെ വിജയത്തിന്റെ വർണ്ണശബളിമ. ആ നിറങ്ങൾ ചേച്ചിയുടെ മുഖത്തിനു നേരെ ഊതിപ്പറപ്പിച്ച് അനിയത്തി ചിരിച്ചു.

വളപ്പിന്റെ തെക്കെഅറ്റത്തെതെങ്ങുകൾക്കു മുകളിൽആകാശം നീലച്ചു നിൽക്കെഅവൾചോദിച്ചു:

''നിങ്ങൾക്കെന്താണ്വാസു,വേണ്ടത് ?''

കൈപ്പടം കൈയിലെടുത്ത്തലോടിഅയാൾമന്ത്രിച്ചു''ഈസ്വാതന്ത്ര്യം''

തന്റെ കൈപ്പടത്തിന്നു പുറത്തു വെച്ച പുരുഷന്റെ കൈപ്പത്തിയിൽഅനിയത്തിയുടെ പേർ കൊത്തിയ മോതിരംപാമ്പിന്റെകഴുത്തിലെ മിന്നുന്നവരപോലെ.

''നിമ്മീ''

''എന്നെനിർമ്മലഎന്നുവിളിക്കൂ.''സ്വന്തംകൈസ്വതന്ത്രമാക്കിഅവൾചിരിച്ചു''നിർമ്മല.''

കറുക്കാൻ തുടങ്ങുന്നആകാശത്തിന്നു കീഴിൽഅയാൾഒരുനിമിഷംസ്തംഭിച്ചു. തുടർന്നുള്ള ചിരിയിൽ മുഖത്തെ നിറങ്ങൾ അലിയിക്കുന്നതു കാണാൻ കൌതുകമുണ്ട്. കോപത്തിന്റെ സ്വർണ്ണത്തരികൾ എന്നിട്ടും അലിയാതെനിന്നത് അവൾകണ്ടു.

''ക്ഷമിക്കൂ.ഇത്രയെങ്കിലും ദയവുഎന്നോട്കാട്ടുമെന്ന് ഞാൻകരുതി.''

കല്ലുകൾ മേല്പോട്ടെറിഞ്ഞു പിടിച്ചുള്ളതകർപ്പൻചിരിയുടെ അവസാനം, ഊറൽപോലെ ഗൌരവം.

കാൽച്ചോട്ടിലെ ചരക്കല്ലുകളിലൂടെ തള്ളവിരൽ അമർത്തി ഉരസുമ്പോൾ അവൾ കൊല്ലങ്ങൾക്കു പിന്നിലെസന്ധ്യയിൽ ഒരുനിമിഷം തങ്ങി.

മിനുത്ത പാറപ്പുറത്തുകൂടെ ഉരസിവിട്ട വെള്ളാരംകല്ലുകൾ വഴിക്കുവഴി എണ്ണുമ്പോൾ അനിയത്തി ചോദിച്ചു: 'എങ്ങനെ വേണംആള് ?''

ഇടതൂർന്ന മുടിതടവിയൊതുക്കിഏടത്തിഉത്തരംപറഞ്ഞു:''നിന്നപ്പോലെ''

അതിന്നുശേഷം മുല്ലപ്പൂവിന്റേയും കളഭത്തിന്റേയും മണത്തിന്നു നടുവിൽ കഴുത്തിലെ മണിക്കൂറുകൾമാത്രം പഴകിയ താലിയിൽ വിരലോടിച്ച് നിൽക്കുമ്പോഴും അനിയത്തി ചോദിച്ചു: ''എന്താ കല്യാണം വേണ്ടാത്തത് ?''

''ആർക്കും എട്ത്ത്യേ വേണ്ടാത്തോണ്ട് !''അവളുറക്കെചിരിച്ചു.

''ഇതേകണ്ടുള്ളുഇപ്പൊചോദിക്കാൻ ?''

തന്റെശാഠ്യങ്ങളുംസ്വപ്നങ്ങളും കൈമുതലുള്ളഅജ്ഞാതനെവായുവിൽ ഒരുനിമിഷംകണ്ടു.അതിന്നും അവിടെനിൽക്കുന്നു.

അനിയത്തിയുടെ മനസ്സിലെ മധുരം ഒരു സ്വപ്നം പോലെ തന്റെ മനസ്സിനെ പൊതിയാൻ അനുവദിക്കുമ്പോൾആദരവ്ഒരുനേരിയതോടുപോലെവാസ്വേട്ടനെപൊതിയാറുണ്ട്.

ഉണങ്ങിയഇലകൾകൈയിലിട്ട്പൊടിച്ച്അവൾപെട്ടെന്ന്പിറുപിറുത്തു. ''വാസുഎനിക്ക് നിങ്ങളെ..'

പുരുഷന്റെ ചുവന്ന കണ്ണുകളിൽ തീനീറിപ്പിടിക്കുന്നത് വ്യക്തമാണ്. വസ്ത്രാക്ഷേപം ചെയ്യുന്ന കണ്ണുകളിലെ തീയിൽ നിലവിളക്കിലെ നാളങ്ങൾ ആളി. അവൾ എണ്ണുകയായിരുന്നു. ഒന്ന്. രണ്ട്. മൂന്ന്. അനിയത്തിയുടെ പട്ടുസാരിയുടെ തിളക്കം. സ്നേഹത്തിന്റെ പാലും പഴവും നുണഞ്ഞ് അനിയത്തി പറയാൻ

വെമ്പുന്ന കൊച്ചു കൊച്ചു രഹസ്യങ്ങൾ. മടിയിൽ കൊച്ചു മകനെ ഇരുത്തിആരുംകേൾക്കാതെ അനിയത്തി നടത്തുന്ന അച്ഛന്റെ വർണ്ണന, പിന്നെ കോടികായ്ച്ചമാതള നാരങ്ങയുടെ, തനിക്കു കിട്ടിയ പങ്കിൽ നിന്ന് ആരുമറിയാതെ ഭർത്തിനെടുത്തുവെച്ച് ഭർത്താവ് തിന്നാതെ കരിഞ്ഞുപോയ അല്ലികൾ. തൂണിൽ ചാരി നിന്ന് വിതുമ്പുന്ന്അനിയത്തി.

തലയിലുംചുമലിലും എത്തിയിരുന്ന കൈകൾഅസഹനീയമായ വെറുപ്പോടെഅടർത്തി മാറ്റി.

പുകയുന്ന തീക്കുണ്ഡംഎന്നിട്ടുംഅയാൾചിരിക്കാൻശ്രമിച്ചു.

''വിമല, അവളൊരു വെറും ഭാര്യയാണ് നിമ്മ'' തന്റെ തുടയിലേക്കെടുത്തുവെച്ച് കയ്യിന്ന് ന്യായീകരണമെന്നപോലെയാണ് കരുണൻ പറഞ്ഞത്. സന്ധ്യയുടെ പ്രകാശത്തിൽ തനിക്ക് ചുറ്റും വിരിയുന്ന നിഴലുകൾകണ്ടപ്പോൾ പേടി തോന്നി.എന്നിട്ടുംഎന്തിനെന്നില്ലാത്ത, തനിക്ക് തീരെഅപരിചിതമായ ഒരുതരം അനാസ്ഥ തന്റെ മേൽ പടരുന്നതായി തോന്നി. തനിക്കു വേണമെങ്കിൽ ഈ നിമിഷം കടന്നുപോകാം. പക്ഷേ, അതൊരു തരം ഭീരുത്വമാണെന്ന് സ്വയം വിശ്വസിപ്പിക്കാൻ ശ്രമിച്ചു. താൻ വളർത്തിയിരുന്ന മൈനയെ പൂച്ച പിടിക്കുന്നത് കണ്ടപ്പോൾ രക്ഷിക്കാനാവില്ലെങ്കിലും കാണാതിരിക്കാൻ ഓടിപ്പോകാമായിരുന്നിട്ടും അതവസാനംവരെ നോക്കി നിന്നതുപോലെ എന്തോ ആയിരുന്നു ഇത്. മനംപുരട്ടൽ സഹിക്കാതെ നിന്നിടത്തുനിന്ന്ഛർദിച്ചിട്ടും അന്ന്തിരിഞ്ഞു നടന്നില്ല.

തുടയിലെ കൈതട്ടിക്കളഞ്ഞ്എഴുന്നേറ്റു.

എവിടംവരെ പോകും നിങ്ങളെന്ന് നോക്കുകയായിരുന്നു ഞാൻ.അയാംവേരിസോറി വാസു. നിങ്ങൾ തോറ്റിരിക്കുന്നു.

എന്താണ് സംഭവിച്ചതെന്ന് മനസ്സിലാക്കുന്നതിനു മുൻപെ പുരുഷന്റെ കൈകൾക്കുള്ളിലായി ക്കഴിഞ്ഞിരുന്നുഞാൻ.കരുണന്റെചിരിതീരെഅപരിചിതമാണ്.

''ഒരു ദുശ്ശാഠ്യം'' അയാൾ പറഞ്ഞു. ''വിവാഹി തർക്കിടയിൽ ഭംഗി വാക്കുകളില്ല നിമ്മീ. സ്വാദുള്ള ഭക്ഷണവും പ്രതിഷേധങ്ങളില്ലാത്ത കിടക്കയുമേയുള്ളൂ.'' താനപ്പോൾ കേട്ട വാക്കുകളുടെ ഇരമ്പത്തിൽ നില തെറ്റാതിരിക്കാൻഅവൾപാടുപെട്ടു.വിഗ്രഹം കളവുപോയ നാലമ്പലത്തിന്റെ ശൂന്യതയിൽ തറച്ചു നിൽക്കെ, അവൾഓർത്തു,ഈവാക്കുകളെഞാൻപരിചയപ്പെട്ടിരുന്നില്ല.

അത്രയും ശക്തി പ്രതീക്ഷിക്കാത്തതിനാലാവാം ആഞ്ഞു കുതറിയപ്പോൾ, ആണികൾ യഥാസ്ഥാനത്തിലാതിരുന്ന യന്ത്രത്തെ പോലെ വേച്ചു കരുണൻ. വേഗത്തിൽ ശ്വാസമെടുത്ത്. മറന്നു പോയതെന്തോപറയുന്നതു പോലെഅവൾആവർത്തിച്ചു: നിങ്ങൾ തോൽക്കുകയാണ്.''

നിലത്തുവീണ വാച്ചെടുക്കുകയായിരുന്നു കരുണൻ. തിരിഞ്ഞു നടക്കുമ്പോൾ താനെന്തോ കണ്ടു മറന്നതാണീരംഗം എന്നെ തോന്നിയുള്ളു. മനസ്സിൽ ഊറിക്കൂടുന്നത് സഹതാപമാണ്. വാസു ഒപ്പമെത്തിയിരുന്നു.എന്നുതോന്നുന്നു.പിന്നിൽനിന്നും കൈയിൽആഞ്ഞുപിടിച്ചു. ''നീജയിക്കുകയാണോ ?'' ചുറ്റുമുള്ളനിഴലുകളുംഅടുത്തപാമ്പിൻകാവും ഉച്ചത്തിലുള്ളചിരിയിൽവിറപൂണ്ടു.

ഞരിയുന്ന കൈത്തണ്ടയുടെ വേദന ഒരു തീഗോളം പോലെ ശരീരത്തിലൂടെ ഉരുണ്ടു. തന്റെ വരണ്ട കണ്ണുകളിലെ ഒരു തുള്ളി വെള്ളത്തിന് കാക്കുകയാണ് കരുണൻ എന്നാണ് തോന്നിയത്. തന്റെ മനസ്സിന് മുകളിൽപതപോലെ ഊറിക്കൂടുന്നചിരിവീണ്ടും.

അസഹ്യമായ വേദനയുമട നിലയ്ക്കാത്ത പ്രവാഹത്തിൽ ബോധം മുങ്ങാൻ തുടങ്ങുമ്പോൾ പാമ്പിൻകാവിൽ തിരി വെക്കാനെത്തിയ അനിയത്തിയുടെ രൂപം ഇരുട്ടിന്റെ പശ്ചാത്തലത്തിൽ കോറിയ ഒരു സ്വർണ്ണരേഖപോലെ കണ്ടു. പൊള്ളിയപോലെയാണ് കരുണൻ കൈ വലിച്ചത്.ബദ്ധപ്പാടോടെ നടന്നകലുന്ന പുരുഷന്റെ ധൃതി. നിരാശയും ദേഷ്യവുംകൊണ്ട് കൈകൾകൂട്ടിത്തിരുമ്മി. താനാരാധിക്കാൻ തുടങ്ങുമായിരുന്ന വിഗ്രഹംഇതാണെന്നുവിശ്വസിക്കാൻകഴിയുന്നില്ല.

വിടർന്ന കണ്ണുകളുമായി താഴെ വീണുകിടന്ന അരളിക്കൊമ്പിൽ തനിച്ചിരിക്കെ അവൾക്കെന്തെന്നില്ലാത്ത രക്ഷാബോധം തോന്നി.